'സ്റ്റാൻഡേഡൈസേഷൻ ആന്റ് അപ്ഗ്രഡേഷന്റെ ഭാഗമായി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ പ്രവർത്തിക്കുന്ന ലാബുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും രോഗനിർണ്ണയത്തിനും ഉപകരണങ്ങൾ വാങ്ങുന്നതിനുമായി 7,22,22,000 രൂപയുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഓഫ് ലബോറട്ടറീസിന്റെ അംഗീകാരം നേടുന്നതിനുള്ള പദ്ധതി തുടങ്ങിയിട്ടില്ല.

ഭൂഗർഭജല പരിപോഷണത്തിനായി ആവിഷ്കരിച്ച പദ്ധതികൾ

18 (*228) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. പി. കൃഷ്ണപ്രസാദ് :
ശ്രീ. ടി. പി. കുഞ്ഞുണ്ണി :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂഗർഭ ജല പരിപോഷണത്തിനായി ആവിഷ്കരിച്ച പദ്ധതികൾ ഏതെല്ലാമാണ് ;

(ബി) ഇവയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ ;

(സി) ശാസ്ത്രീയമായി ഭൂഗർഭജലം വിനിയോഗിക്കുന്നതിന്റെ ഭാഗമായി എത്ര കുഴൽ കിണറുകൾ നിർമ്മിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(ഡി) പഴയ കുഴൽ കിണറുകളുടെ പുനരുദ്ധാരണത്തിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; രാജീവ് ഗാന്ധി കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ ;

(ഇ) കേരളത്തിലെ ഭൂഗർഭ ജല വിതാനത്തിൽ താഴ്ച ഉണ്ടായിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ; ഏതെല്ലാം പ്രദേശങ്ങളിലാണ് വളരെ കൂടുതൽ താഴ്ച ഉണ്ടായിട്ടുള്ളതെന്ന് അറിയിക്കുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ) :

(എ) ഭൂഗർഭജല പരിപോഷണത്തിനായി കൃത്രിമ ഭൂജല സംപോഷണ പദ്ധതി പ്രകാരം ചെറിയ ചെക്ക് ഡാമുകൾ, അടിയണകൾ, കിണർ, റീചാർജ്ജ്, മഴക്കുഴികൾ എന്നിവ ഭൂജലവകുപ്പ് വിവിധ ജില്ലകളിലായി നിർമ്മിക്കുന്നുണ്ട്. ഇതുകൂടാതെ സന്തുലിതമായ ഭൂജല ഉപയോഗത്തെക്കുറിച്ചും കൃത്രിമ ഭൂജല പരിപോഷണത്തെക്കുറിച്ചും അവബോധം വളർത്തുന്നതിലേക്കായി ദൃശ്യ, ശ്രാവ്യ മാദ്ധ്യമങ്ങളിലൂടെ വിവിധ ബോധവൽക്കരണ പരിപാടികൾ ഭൂജല വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നടപ്പു സാമ്പത്തിക വർഷം കൃത്രിമ ഭൂജല സംപോഷണത്തിനായി 40 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. വിവിധ ജില്ലകളിൽ നിന്നും ലഭിച്ച പ്രപ്പോസലുകളിൽ നിന്നും (2010-11) 36 പദ്ധതികൾക്ക് അനുമതി നൽകുകയും അതിൽ 14 പദ്ധതികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി പദ്ധതികളുടെ പൂർത്തീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(സി) ശാസ്ത്രീയമായി കുഴൽ കിണർ നിർമ്മിക്കുവാനായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവ മുഖേന അപേക്ഷകൾ ലഭിക്കുന്നുണ്ട്. പ്രസ്തുത അപേക്ഷകളിന്മേൽ കഴിഞ്ഞ അഞ്ച് വർഷം നിർമ്മിച്ച കുഴൽ കിണറുകളുടെ എണ്ണം ചുവടെ ചേർക്കുന്നു :

2006-07	-	1268	എണ്ണം
2007-08	-	1134	"
2008-09	-	1104	"
2009-10	-	1561	"
2010-11	-	904	"

(ഡി) വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽപ്പെടുത്തിയും പഞ്ചായത്തുകളുടെ ഫണ്ട് ഉപയോഗിച്ചും പഴയ കുഴൽ കിണറുകൾ റിപ്പയർ ചെയ്യുന്നുണ്ട്. ജലലഭ്യത കൂടിയ പഴയ കുഴൽ കുണറുകൾ രാജീവ്ഗാന്ധി പദ്ധതിയിൽപ്പെടുത്തി മിനി വാട്ടർ സപ്ലൈ സ്കീമുകളായി മാറ്റുന്നുണ്ട്. രാജീവ്ഗാന്ധി കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ ജില്ലകളിലായി കുഴൽ കിണറുകൾ നിർമ്മിക്കുന്നു. ഇതിൽ ജല ലഭ്യത കുറഞ്ഞ കുഴൽ കിണറുകളെ ഹാന്റ് പമ്പ് സ്കീമുകളായും ജല ലഭ്യത കൂടിയ കുഴൽ കിണറുകളെ മിനി വാട്ടർ സപ്ലൈ സ്കീമുകളായും മാറ്റുന്നു.

(ഇ) കേരളത്തിലെ ഭൂഗർഭജലവിതാനത്തിൽ പൊതുവിൽ ഗണ്യമായ താഴ്ച ഉണ്ടായിട്ടില്ല. എന്നാൽ, ചില പ്രദേശങ്ങളിൽ ജലനിരപ്പ് താഴുന്നുണ്ട്. പാലക്കാട് ജില്ലയിലെ ചില പ്രദേശങ്ങളിലും, കാസർഗോഡ് ജില്ലയുടെ ചില പ്രദേശങ്ങളിലും ജലനിരപ്പ് താഴ്ന്നിട്ടുള്ളതായി കണ്ടിട്ടുണ്ട്. പാലക്കാട് ജില്ലയിലെ പുതുശ്ശേരി (മലമ്പുഴ ബ്ലോക്ക്) മണ്ണൂർ (പാലക്കാട് ബ്ലോക്ക്), കാസർഗോഡ് ജില്ലയിലെ ബദിയടുക്ക (മഞ്ചേശ്വരം ബ്ളോക്ക്), കുറ്റിക്കോൽ (കാസർഗോഡ് ബ്ലോക്ക്) തുടങ്ങിയ പ്രദേശങ്ങളിലാണ് ജല നിരപ്പിലുള്ള കൂടുതൽ താഴ്ച അനുഭവപ്പെട്ടിട്ടുള്ളത്.

ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

19 (*229) ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ പുനരുദ്ധാരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എത്ര പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ; ഇവയുടെ മൊത്തം അടങ്കൽ തുക എത്രയാണ് ;

LIBRARY ARCHIVES Kerala Legislative Assembly